Talented Bankers Literary Panel
പുസ്തകപരിചയം 95

പുസ്തകം പരിചയപ്പെടുത്തുന്നത്,
അനിത വി കെ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
പൂവാർ ശാഖ.

**ചുംബന സമയം (നോവൽ)**
**വി ജയദേവ്**

കുട്ടിക്കാലത്ത് .. ഇപ്പോഴും.. ആകാംക്ഷയോടെ വായിക്കാൻ തിരഞ്ഞെടുത്തിരുന്നത് കുറ്റാന്വേഷണ നോവലുകളാണ്. ഒരിക്കലും അവസാന പേജ് മുൻപേ വായിക്കാൻ തോന്നിട്ടില്ല. ചെമന്ന കൈപ്പത്തി.. മൃത്യു കിരണം തുടങ്ങി... പുഷ്പരാജ്, ബാറ്റൺ ബോസ് കടന്ന് മിസ്സ് മാർപിൾ, പെറിമേസൺ ഒക്കെ കടന്നു പുതിയ എഴുത്തുകാരുടെ പുതിയ മാനദണ്ഡങ്ങൾ തേടുന്ന കൃതികളിലേക്കു സ്വാഭാവികമായും എത്തുകയായിരുന്നു.
കവിയെന്ന നിലയിൽ അറിയാമായിരുന്ന ജയദേവിന്റെചുംബന സമയത്തിലേക്കു എത്തുന്നത് അങ്ങനെയാണ്.

നമ്മളെ.. നമ്മുടെ ജീവിതത്തെ.. ജീവിത സമയത്തെ.. നിയന്ത്രിക്കുന്ന ഒരു പ്രപഞ്ച ശക്തി അഞ്ജാത കേന്ദ്രത്തിലെവിടെയോ ഉണ്ടെന്ന വിശ്വാസം... അതിനെ അടിസ്ഥാന പെടുത്തിയാണ് നോവൽ തുടങ്ങുന്നത്.

നീട്ടിപിടിച്ചെഴുതിയിരുന്ന കത്തിന്റെയും ചുരുക്കത്തിലെ കമ്പിയുടെയും കാലം കഴിഞ്ഞു ടെക്സ്റ്റ് ടൈപ്പു ചെയ്യുന്ന മെയിലുകളുടെയും വോയിസ് മെസ്സേജ് അക്ഷരങ്ങളാക്കി മാറ്റുന്ന വിദ്യയും കഴിഞ്ഞുള്ള കാലഘട്ടമാണ്... തലച്ചോറിൽ നിന്നു തലച്ചോറിലേക്ക് മെസ്സേജുകൾ എത്തുന്ന കാലം.

രാവിലെ 11.30നു അരമണിക്കൂറിനകം ജീവിത സമയം തീരുമെന്ന ബയോളജിക്കൽ മെസ്സേജ് ലഭിക്കുന്ന മാർട്ടീനോ മാർട്ടീനോക്കു മുന്നിൽ മൂന്നു വഴി കളാണുള്ളത്.

1. അനുവദിക്കപ്പെട്ട സമയം നീട്ടിക്കിട്ടാൻ മുൻകൂർ ജാമ്യം കിട്ടുമോ എന്ന് അന്വേഷിക്കുക
2. ഇന്ത്യയിലായിരിക്കുന്ന കാമുകി റമീസിയയെ വിളിക്കുക
3. രണ്ടായിരം കിലോ മീറ്റർ അകലെയുള്ള DNA കോടതിയിൽ കീഴടങ്ങുക

Holinude സംഘടനയെ ഉടലാഴം കൊണ്ട് അപമാനിക്കുന്നു എന്ന കാരണത്താൽ, ജനിതക തോക്കുമായി കാത്തിരിക്കുന്ന കൊലയാളികൾക്കിടയിലാണ് റമീസിയ എന്ന് അവരിരുവരും അറിയുന്നില്ല.
തലച്ചോറുകൾക്കിടയിലെ മെസ്സേജുകൾ പോലും hack ചെയ്യാനുള്ള സാങ്കേതിക വിദ്യ കൈവശമുള്ള ടൈം മാഫിയ.
നിഗൂഢതകളുടെ ഇരുട്ട് കൊണ്ട് സ്ഥലകാലങ്ങളെ തകർത്തെറിയാൻ തക്കം നോക്കിയിരിക്കുന്ന ഡാർക്ക് സിനഗ്.
സമയത്തിന് സ്റ്റോപ്പിടാൻ.. ടൈം ട്രൈയാങ്കിളിനായി ശ്രമിക്കുന്ന prof vedanayakom..

Dr മരിയ ലോപ്പസ്..
ഇവർക്കിടയിലേക്കാണ് വിവിധ ഗാലക്സികളുടെ കുറ്റാന്വേഷണത്തിന്റെ ചുമതല വഹിക്കുന്ന ഇന്റൽ പോളിന്റെ സ്റ്റാർ കോപ്പയ മലയാളിയായ സീക്രെട് ഏജന്റ് ഇട്ടി മാത്തൻ കടന്നു വരുന്നത്.

മാർട്ടിനോയുടെ സമയം തീർന്നോ
റമീസിയ ഹോളി ന്യൂഡിന്റെ DNA ഗൺ ഏറ്റു ചിതറിയോ..
ഇട്ടി മാത്തന് വിജയിക്കാനായോ
വായിച്ചു മനസിലാക്കുക.

ഒന്നുപറയാം..
വേറിട്ടൊരനുഭവം തരുന്ന new gen കുറ്റാന്വേഷണ നോവലാണ്... നോവലിസ്റ്റ് തന്നെ പറയുംപോലെ പലതട്ടുകളിലായി വായിക്കാവുന്ന നോവൽ..

പ്രസാധകർ - മാതൃഭൂമി books
വില - Rs 275

എഴുത്തുകാരൻ ജയദേവ് കണ്ണൂർ സ്വദേശിയാണ്. മാധ്യമ പ്രവർത്തകൻ.
രസതന്ത്രത്തിലും ജേർണലിസത്തിലും മാസ്റ്റർ ബിരുദം.
ആറു കവിതാസമാഹാരങ്ങളും, നാലു കഥാ സമാഹാരങ്ങളും ഒരു നോവലും എഴുതിയിട്ടുണ്ട്.

ചുംബന സമയം ഒരു ഹൈബ്രിഡ് നോവൽ എഴുതാൻ ശ്രമിച്ചതിന്റെ ഫലമാണ്. പല തട്ടിൽ പല വായന സാധ്യമാക്കുന്ന നറേഷനുകളും അവയെ കണക്ട് ചെയ്യുന്ന ലീനിയർ ത്രെഡും... അതാണ് ചുംബന സമയം.